പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 50

# 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 50

# 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

459/2017.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 50

# 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തി എട്ടാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2017-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 10-ാം വകുപ്പിന്റെ ഭേദഗതി.—1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) 10-ാം വകുപ്പിൽ,—

(i) (5)-ാം ഉപവകുപ്പിൽ, "ബാർ കൗൺസിലിന് അതു സംബന്ധിച്ച് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ട്രസ്റ്റീ കമ്മിറ്റിക്ക് നൽകാവുന്നതും" എന്ന വാക്കുകൾക്കുശേഷം, ഇനി പറയുന്ന വാക്കുകൾ ചേർക്കേണ്ടതാണ്, അതായത്.—

"ആഡിറ്റർമാർ സാക്ഷ്യപ്പെടുത്തിയ പ്രകാരമുള്ള കണക്കുകൾ, അതിൻമേൽ ആഡിറ്റ് റിപ്പോർട്ടോടുകൂടി സർക്കാരിന് അയപ്പിക്കുകയും ചേർക്കേണ്ടതുമാണ്.".

(ii) (5)-ാം ഉപവകുപ്പിന് ശേഷം, ഇനി പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(5എ) സർക്കാർ, (5)-ാം ഉപവകുപ്പ് പ്രകാരമുള്ള കണക്കുകളും ആഡിറ്റ് റിപ്പോർട്ടും ലഭിക്കുമ്പോൾ,—

(എ) അതു സംബന്ധിച്ച്, അതിന് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ട്രസ്റ്റീ കമ്മിറ്റിക്ക് നൽകാവുന്നതും ;

(ബി) അങ്ങനെയുള്ള കണക്കുകളും ആഡിറ്റ് റിപ്പോർട്ടും നിയമസഭ മുമ്പാകെ എത്രയും പെട്ടെന്ന് വയ്ക്കേണ്ടതുമാണ്.".

459/2017.

(iii) (6)-ാം ഉപവകുപ്പിൽ, "(5)-ാം ഉപവകുപ്പിൻകീഴിൽ ബാർ കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾ" എന്ന വാക്കുകൾക്കും, അക്കത്തിനും, ബ്രാക്കറ്റു കൾക്കും പകരം "യഥാക്രമം (5)-ഉം (5എ)-ഉം ഉപവകുപ്പുകളിൻകീഴിൽ ബാർകൗൺസിലും സർക്കാരും നൽകുന്ന നിർദ്ദേശങ്ങൾ" എന്ന വാക്കുകളും, ബ്രാക്കറ്റു കളും അക്കങ്ങളും, അക്ഷരവും പകരം ചേർക്കേണ്ടതാണ് ;

(iv) (6)-ാം ഉപവകുപ്പിന് ശേഷം, ഇനിപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(7) ട്രസ്റ്റീ കമ്മിറ്റി, അതിന്റെ മുൻ സാമ്പത്തിക വർഷത്തെ പ്രവർത്തന ങ്ങളുടെയും തുടർന്നുവരുന്ന സാമ്പത്തിക വർഷത്തിൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെയും ഒരു സമ്പൂർണ്ണ കണക്ക് നൽകുന്ന വാർഷിക റിപ്പോർട്ട് തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പുകൾ തുടർന്നു വരുന്ന വർഷം ഏപ്രിൽ മാസം 30-നോ അതിനു മുൻപോ സർക്കാരിന് സമർപ്പിക്കേണ്ടതും, സർക്കാർ ആയത് ലഭിച്ചാലുടൻ എത്രയും വേഗം പ്രസ്തുത റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്പ്പിക്കേണ്ടതുമാണ്.".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

നിയമസഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതി അതിന്റെ 10-ാമത് റിപ്പോർട്ടിൽ സർക്കാരിൽ നിന്നും ഒറ്റത്തവണ ഗ്രാന്റായി 50 ലക്ഷം രൂപയിൽ കൂടുതലോ ആവർത്തന ഗ്രാന്റായി 25 ലക്ഷം രൂപയിൽ കൂടുതലോ ലഭിക്കുന്ന ചാരിറ്റബിൾ/സ്വയംഭരണ/സഹകരണ സ്ഥാപനങ്ങളുടെ വാർഷിക ആഡിറ്റ് റിപ്പോർട്ട് നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. സഭയുടെ മേശപ്പുറത്ത് വച്ച കടലാസുകൾ സംബന്ധിച്ച സമിതിയുടെ മേൽപ്പറഞ്ഞ ശിപാർശയുടെ അടിസ്ഥാനത്തിൽ, 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി രൂപീകരിച്ചിട്ടുള്ള കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റീ കമ്മിറ്റിയുടെ വാർഷിക ഭരണ റിപ്പോർട്ടും, ആഡിറ്റ് റിപ്പോർട്ടും നിയസഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതിനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുന്ന തിനായി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിന്റെ 10-ാം വകുപ്പ് ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ബാലൻ.

(ശരിത്തർജ്ജമ)

## 1980-ലെ അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ (1980-ലെ 21) പ്രസക്ത ഭാഗങ്ങൾ)

** ** ** **

** ** ** **

10. ഫണ്ടുകൾ കടം വാങ്ങലും നിക്ഷേപിക്കലും.—(1) ട്രസ്റ്റീ കമ്മിറ്റിക്ക് ഈ ആക്റ്റിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഏതു സംഖ്യയും സർക്കാരിന്റേയും ബാർ കൗൺസിലിന്റേയും മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി അതതു സമയങ്ങളിൽ കടം വാങ്ങാവുന്നതാണ്.

(2) ട്രസ്റ്റീ കമ്മിറ്റി, ഫണ്ടിന്റെ ഭാഗമായി തീരുന്ന എല്ലാ തുകകളും വരുമാനങ്ങളും ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിൽ നിക്ഷേപിക്കുകയോ, അഥവാ കേന്ദ്രസർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ ഉടമയയിലോ നിയന്ത്രണത്തിലോ ഉള്ള ഏതെങ്കിലും കോർപ്പറേഷനിലെ വായ്പകളിലോ അഥവാ കേന്ദ്രസർക്കാരിന്റേയോ സംസ്ഥാന സർക്കാരിന്റേയോ വക വായ്പകളിലോ അല്ലെങ്കിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി ബാർ കൗൺസിൽ അതാതു സമയങ്ങളിൽ നിർദ്ദേശിക്കാവുന്ന മറ്റേതെങ്കിലും രീതിയിലോ അത് നിക്ഷേപിക്കുകയോ ചെയ്യേണ്ട താകുന്നു.

(3) ഈ ആക്റ്റ് പ്രകാരം കൊടുക്കാനുള്ളതും കൊടുക്കേണ്ടതുമായ എല്ലാ തുകകളും ഫണ്ടിന്റെ നടത്തിപ്പും ഭരണനിർവ്വഹണവും സംബന്ധിച്ച എല്ലാ ചെലവുകളും, ഫണ്ടിൽ നിന്നും കൊടുക്കേണ്ടതാണ്.

(4) ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകൾ ബാർ കൗൺസിൽ നിയമിച്ച ഒരു ചാർട്ടേഡ് അക്കൗണ്ടന്റിനെക്കൊണ്ട് വർഷംതോറും ആഡിറ്റ് ചെയ്യിക്കേണ്ടതാണ്.

(5) ട്രസ്റ്റീ കമ്മിറ്റിയുടെ കണക്കുകൾ ആഡിറ്റർ സാക്ഷ്യപ്പെടുത്തിയപ്രകാരം, അതിൻമേൽ ആഡിറ്റ് റിപ്പോർട്ടോടുകൂടി ട്രസ്റ്റീ കമ്മിറ്റി ബാർ കൗൺസിലിന് അയക്കേണ്ടതും ബാർ കൗൺസിലിന് അതു സംബന്ധിച്ച് യുക്തമെന്ന് തോന്നുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ ട്രസ്റ്റീ കമ്മിറ്റിക്കു നൽകാവുന്നതും ആകുന്നു.

(6) (5)-ാം ഉപവകുപ്പിൻ കീഴിൽ ബാർ കൗൺസിൽ നൽകിയ നിർദ്ദേശങ്ങൾ ട്രസ്റ്റീ കമ്മിറ്റി അനുസരിക്കേണ്ടതാണ്.

** ** ** **

** ** ** **